**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1601** **11-10-2024 - ൽ മറുപടിയ്ക്ക്**

**നഗര കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | നഗര കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ച് വരുന്നത്; വിശദമാക്കാമോ; | (എ) | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതിയിൽ ഒരു മുഖ്യഘടകമായി ഉൾപ്പെടുത്തി നഗര കൃഷി പ്രോത്സാഹിപ്പിച്ചു വരുന്നു. പ്രസ്തുത പദ്ധതി ഘടകത്തിലൂടെ സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്ത കർഷകർക്കായി പോട്ടിംഗ് മിശ്രിതം നിറച്ച 25 എണ്ണം മൺചട്ടി/ HDPE ചട്ടികളിൽ വെണ്ട, വഴുതിന, മുളക്, തക്കാളി മുതലായ 25 എണ്ണം പച്ചക്കറി തൈകൾ ഒരു യൂണിറ്റിന് 75% സബ്സിഡി (ഒരു യൂണിറ്റിന്റെ വില 5000/- രൂപ). എന്ന നിരക്കിൽ നൽകി വരുന്നു. 2024-25 സമ്പത്തിക വർഷത്തിൽ 8000 യൂണിറ്റുകൾ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.<br><br>പോഷക സമൃദ്ധി മിഷനിൽ ഉൾപ്പെടുത്തി വീട്ടുവളപ്പുകളിൽ പോഷകത്തോട്ടം നിർമ്മിച്ചു വരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം പോഷകത്തോട്ടങ്ങൾക്കു ആനുകൂല്യം നൽകുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു ലക്ഷം യൂണിറ്റുകൾക്കായി 500 ലക്ഷം രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി സങ്കരയിനം പച്ചക്കറി തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ - മുരിങ്ങ, കറിവേപ്പ്, അഗത്തി, ശീമചക്ക, ഡോളോമൈറ്റ്, സമ്പൂർണ്ണ പച്ചക്കറി മിശ്രിതം, സ്യൂഡോമോണാസ്, ട്രൈക്കോഡെർമ്മ, ഫിഷ് അമിനോ ആസിഡ്, മണ്ണിര കമ്പോസ്റ്റ്, ജൈവ കീടനാശിനി എന്നിവ 500/- രൂപ സബ്സിഡിയിൽ വിതരണം നടത്തുന്നു. കൂടാതെ പോഷകത്തോട്ടം നിർമ്മിക്കുന്നതിനുള്ള മാതൃക, കൃഷി ചെയ്യുന്നതിനു വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ തുടങ്ങിയവയും നൽകുന്നുണ്ട്. ഇതിലൂടെ സുരക്ഷിത പച്ചക്കറികൾ വീട്ടുവളപ്പുകളിൽ നിന്ന് തന്നെ ലഭ്യമാക്കുന്നതിനും ജീവിതശൈലി രോഗങ്ങളെ അകറ്റി നിർത്തുന്നതിനും സഹായിക്കുന്നു. |

| | | | |
|---|---|---|---|
| | | | സുരക്ഷിത പച്ചക്കറികൾ നമ്മുടെ വീട്ടുവളപ്പുകളിൽ നിന്നു തന്നെ ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് സങ്കരയിനം പച്ചക്കറി വിത്തുകളുടെ വിവിധ ഇനങ്ങളടങ്ങിയ 100/- രൂപ വിലവരുന്ന വിത്തു പായ്ക്കറ്റുകളും, 3/- രൂപ വിലവരുന്ന സങ്കരയിനം പച്ചക്കറി തൈകളും പൂർണ്ണമായും സൗജന്യമായി വിതരണം നടത്തി വരുന്നു. കൂടാതെ വിവിധ ഇനം പച്ചക്കറി വിത്തുകളുടെ 10/- രൂപ വില വരുന്ന പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 2.5 രൂപ വിലയുള്ള പച്ചക്കറി തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തിയിട്ടുണ്ട്. വിവിധ മാധ്യമങ്ങൾ മുഖേന 5/- രൂപ വിലയുള്ള പച്ചക്കറി വിത്ത് പായ്ക്കറ്റുകളും വിതരണം നടത്തിയിട്ടുണ്ട്.<br><br>ദീർഘകാല പച്ചക്കറി വിളകളുടെ പ്രോത്സാഹനത്തിനായി മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയ ഇനങ്ങളുടെ 15/- രൂപ വിലവരുന്ന തൈകൾ സൗജന്യമായി കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.<br><br>സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പദ്ധതി പ്രകാരം സ്ഥല പരിമിതി ഉള്ള കർഷകർക്ക് പച്ചക്കറി കൃഷി നടത്താനായി ഉപയോഗിക്കാവുന്ന ചെടിച്ചട്ടികൾ, ടാങ്ക്, തുള്ളിനന, ഇരുമ്പു ഫ്രെയിം ഉല്പാദനോപാധികൾ എന്നിവയോടുകൂടി IIHR ബാംഗ്ലൂർ രൂപകൽപന ചെയ്ത അർക്ക വെർട്ടിക്കൽ ഗാർഡൻ (80 എണ്ണം) നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. |
| (ബി) | പ്രസ്തുത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; വ്യക്തമാക്കാമോ? | (ബി) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതിയിൽ നഗര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് പോട്ടിംഗ് മിശ്രിതം നിറച്ച 25 എണ്ണം മൺചട്ടി/ HDPE ചട്ടികളിൽ വെണ്ട, വഴുതിന, മുളക്, തക്കാളി മുതലായ 25 എണ്ണം പച്ചക്കറി തൈകൾ ഒരു യൂണിറ്റിന്റെ വിലയായ 5000/- രൂപയിൽ 75% സബ്സിഡിയിൽ (@3750/-) ആനുകൂല്യം നൽകി വരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ 8000 യൂണിറ്റുകൾക്കായി 300 ലക്ഷം രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്.<br><br>പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പുകളിൽ പോഷകത്തോട്ടം പ്രോത്സാഹിപ്പിച്ചു വരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം പോഷകത്തോട്ടങ്ങൾക്കു ആനുകൂല്യം |

| | | | |
|---|---|---|---|
| | | | നൽകുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. സങ്കരയിനം പച്ചക്കറി തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ, മുരിങ്ങ, കറിവേപ്പ്, അഗത്തി, ശീമചക്ക, ഡോളോമൈറ്റ്, സമ്പൂർണ്ണ പച്ചക്കറി മിശ്രിതം, സ്യൂഡോമോണാസ്, ട്രൈക്കോഡെർമ്മ, ഫിഷ് അമിനോ ആസിഡ്, മണ്ണിര കമ്പോസ്റ്റ്, ജൈവ കീടനാശിനി എന്നിവ 500/- രൂപ സബ്‌സിഡിയിൽ വിതരണം നടത്തുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം യൂണിറ്റുകൾക്കായി 500 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.<br><br>കൂടാതെ പച്ചക്കറി തൈകൾ, വിത്തുകൾ (സങ്കരയിനം ഉൾപ്പെടെ), ദീർഘകാല പച്ചക്കറി തൈകൾ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയ ഇനങ്ങൾ) എന്നിവ പൂർണ്ണമായും സൗജന്യമായി കർഷകർക്കു വിതരണം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ